**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1739** **29-09-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന കർഷക അവാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന കർഷക അവാർഡ് ജേതാക്കൾക്ക് കൃഷിവകുപ്പിൽ നിന്നും നൽകുന്ന ക്യാഷ് അവാർഡ് തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; അവാർഡ് തുക കൃത്യമായി നൽകുന്നുണ്ടോ എന്ന് അറിയിക്കാമോ; | (എ) | സംസ്ഥാന കർഷക അവാർഡ് ജേതാക്കൾക്ക് കൃഷി വകുപ്പിൽ നിന്നും നൽകുന്ന ക്യാഷ് അവാർഡ് തുകയുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. അവാർഡ് തുക കൃത്യമായി നൽകുന്നുണ്ട്. |
| (ബി) | 2024-25 വർഷത്തെ കർഷക അവാർഡ് ജേതാക്കൾക്ക് സർട്ടിഫിക്കറ്റും മെമന്റോയും നൽകിയെങ്കിലും ക്യാഷ് അവാർഡ് വിതരണം ചെയ്യാത്തിന്റെ കാരണം എന്താണെന്നും എത്ര കർഷകർക്കാണ് ഈ തുക നൽകാനുള്ളതെന്നുമുള്ള വിവരം ലഭ്യമാക്കാമോ; | (ബി) | 2024-25 വർഷത്തെ കർഷക അവാർഡ് ജേതാക്കളിൽ വയനാട് ജില്ല ഒഴികെയുള്ള ജില്ലകളിലെ അവാർഡ് ജേതാക്കൾക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിലെ അവാർഡ് ജേതാക്കൾക്ക് തുക നല്കുവാനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത അവാർഡ് തുക എത്രയുംവേഗം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | 2024-25 വർഷത്തെ കർഷക അവാർഡ് ജേതാക്കളിൽ വയനാട് ജില്ല ഒഴികെയുള്ള ജില്ലകളിലെ അവാർഡ് ജേതാക്കൾക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിലെ അവാർഡ് ജേതാക്കൾക്ക് തുക നല്കുവാനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | അവാർഡിന്റെ പേര് | | ക്യാഷ് അവാർഡ് തുകയുടെ വിശദാംശം (തുക രൂപയിൽ) |
|---|---|---|---|
| | **പുതിയ അവാർഡുകൾ** | | |
| 1 | ഭിന്നശേഷി വിഭാഗത്തിൽപെട്ട കർഷക/കർഷകൻ | | 50,000/- |
| 2 | അതാത് വർഷങ്ങളിൽ കൃഷിവകുപ്പിന്റെ പ്രത്യേക പദ്ധതികൾ മികവോടെ നടപ്പാക്കിയ കൃഷിഭവനു നൽകുന്ന അവാർഡ് | | 1,00,000/- |
| | **നിലവിൽ ഉള്ള അവാർഡുകൾ** | | |
| 3 | ശ്രീ. സി. അച്യുതമേനോൻ സ്മാരക അവാർഡ് (കേരളത്തിലെ മുൻ മുഖ്യമന്ത്രിയായിരുന്ന ശ്രീ. സി. അച്യുതമേനോന്റെ പേരിൽ ഉള്ള, കാർഷിക മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ള അവാർഡ്) | | 10,00,000/- |
| 4 | ശ്രീ. വി.വി രാഘവൻ സ്മാരക അവാർഡ് (കൃഷിഭവൻ സ്ഥാപിച്ച, മുൻ കൃഷിവകുപ്പ് മന്ത്രിയായിരുന്ന ശ്രീ. വി.വി രാഘവന്റെ പേരിൽ ഉള്ള, മികച്ച പ്രവർത്തനം കാഴ്ചവച്ച കൃഷിഭവനുള്ള അവാർഡ്) | | 5,00,000/- |
| 5 | പത്മശ്രീ ശ്രീ. കെ വിശ്വനാഥൻ (മിത്രാനികേതൻ) മെമ്മോറിയൽ നെൽക്കതിർ അവാർഡ് | | 3,00,000/- |
| 6 | ജൈവകൃഷി നടത്തുന്ന ആദിവാസി ഊരു് / ക്ലസ്റ്റർ | ഒന്നാം സ്ഥാനം | 3,00,000/- |
| | | രണ്ടാം സ്ഥാനം | 2,00,000/- |
| 7 | സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ അവാർഡ് | | 2,00,000/- |
| 8 | കേരകേസരി | | 2,00,000/- |
| 9 | പൈതൃക കൃഷി/ വിത്ത് സംരക്ഷണം/ വിളകളുടെ സംരക്ഷണം പ്രവർത്തനം നടത്തുന്ന ആദിവാസി ഊര് / വ്യക്തി | | 2,00,000/- |
| 10 | ജൈവ കർഷകൻ | | 1,00,000/- |
| 11 | യുവ കർഷക/ യുവകർഷകൻ | | 1,00,000/- |
| 12 | ഹരിത മിത്ര | | 1,00,000/- |
| 13 | ഹൈടെക് കർഷകൻ | | 1,00,000/- |

| | | | |
|---|---|---|---|
| | | | |
| 14 | കർഷകജ്യോതി | | 1,00,000/- |
| 15 | തേനീച്ച കർഷകൻ | | 1,00,000/- |
| 16 | കർഷകതിലകം (വനിത) | | 1,00,000/- |
| 17 | ശ്രമശക്തി | | 1,00,000/- |
| 18 | കാർഷിക മേഖലയിലെ നൂതന ആശയം | | 1,00,000/- |
| 19 | കർഷകഭാരതി | | |
| | a) അച്ചടി മാധ്യമം | | 50,000/- ( 25,000/- വീതം 2 പേർക്ക്) |
| | b) ദൃശ്യ മാധ്യമം | | 50,000/- |
| | c) നവ മാധ്യമം | | 50,000/- |
| | d) ശ്രാവ്യ മാധ്യമം | | 50,000/- |
| 20 | കാർഷിക പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ട്രാൻസ്ജെൻഡർ | | 50,000/- |
| 21 | ക്ഷോണിസംരക്ഷണ അവാർഡ് | | 50,000/- |
| 22 | മികച്ച കൂൺ കർഷക/ കർഷകൻ | | 50,000/- |
| 23 | ചക്ക സംസ്കരണം/ മൂല്യവർദ്ധന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തി/ ഗ്രൂപ്പ് | | 50,000/- |
| 24 | കൃഷിക്കൂട്ടം | | |
| | a) ഉൽപ്പാദന മേഖലയിലെ മികച്ച കൃഷിക്കൂട്ടം | | 50,000/- |
| | b) സേവന മേഖലയിലെ മികച്ച കൃഷിക്കൂട്ടം | | 50,000/- |
| | c) മൂല്യവർദ്ധിത മേഖലയിലെ മികച്ച കൃഷിക്കൂട്ടം | | 50,000/- |
| 25 | കർഷക വിദ്യാർത്ഥി (സ്കൂൾ) | | 25,000/- |
| 26 | കർഷക വിദ്യാർത്ഥി (ഹയർ സെക്കന്ററി സ്കൂൾ) | | 25,000/- |
| 27 | കർഷക വിദ്യാർത്ഥി (കലാലയം) | | 25,000/- |
| 28 | വിദ്യാഭ്യാസ സ്ഥാപനം | ഒന്നാം സ്ഥാനം | 50,000/- |

| | | | |
|---|---|---|---|
| | | രണ്ടാം സ്ഥാനം | 25,000/- |
| 29 | സ്പെഷ്യൽ സ്കൂൾ | ഒന്നാം സ്ഥാനം | 50,000/- |
| | | രണ്ടാം സ്ഥാനം | 25,000/- |
| 30 | പച്ചക്കറി ക്ലസ്റ്റർ | | 50,000/- |
| 31 | പോഷക തോട്ടം | | 50,000/- |